**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 652** **03/03/2020 ൽ മറുപടിക്ക്**

**സർക്കാർ വേതനം പറ്റുന്ന ക്ഷേത്രം സ്ഥാനികർ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സർക്കാർ വേതനം പറ്റുന്ന എത്ര ക്ഷേത്രം സ്ഥാനികർമാർ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ സർക്കാർ ധനസഹായം കൈപ്പറ്റുന്ന ആചാര സ്ഥാനികരുടെയും കോലധാരികളുടെയും ജില്ല തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.<br><br>കോഴിക്കോട് - 237<br>മലപ്പുറം - 1<br>കാസർകോഡ് - 714<br>കണ്ണൂർ - 1309<br>വയനാട് - 3 |
| (ബി) | ഈ സ്ഥാനികർമാർക്ക നൽകുന്ന മാസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 24/11/2018 മുതൽ പ്രതിമാസം 1100/- രൂപയാണ് ധനസഹായമായി നൽകിവരുന്നത്. |
| (സി) | ക്ഷേത്രം സ്ഥാനികർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ക്ഷേത്രം സ്ഥാനികർമാരുടെ വേതനം ഇപ്പോൾ സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) & (ഇ) | ഈ ഇനത്തിൽ സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധികം തുക വേണ്ടി വന്നതിനാൽ 2019 ജൂലൈ മുതൽ ഉള്ള 8 മാസത്തെ വേതനം കുടിശ്ശികയായിട്ടുണ്ട്. |
| (ഇ) | എങ്കിൽ എത്രമാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ